...ത്രരംഗത്ത് ഉയർത്തിരിഞ്ഞുവന്ന എല്ലാ സ്വഭാവങ്ങളും ചലച്ചിത്രപത്രപ്രവർത്തനരംഗത്തെയും സ്വാധീനിച്ചു. അസ്ഥിരതയുടെ അസ്വസ്ഥതയാണ് സിനിമാരംഗത്തിന്റെ ശാപം. ഇതേ ശാപം സിനിമാപത്രക്കാരേയും പിടികൂടി. അസ്ഥിരത. അതിന്റെ അസ്വസ്ഥത. സിനിമാരംഗത്തുള്ള എല്ലാപേരേയുംപോലെ സിനിമാരംഗത്തു ജീവിക്കുന്ന സ്ഥിരം സിനിമാപത്രപ്രവർത്തകരും ഈ അസ്വസ്ഥതസ്ഥിരയായി. നിർഭാഗ്യമെന്നു പറയട്ടെ! സിനിമാപത്രപ്രവർത്തനശൈലി അത്ര മാന്യമല്ലാത്തതാക്കിത്തീർക്കുന്ന ഒരു കീഴ്‌വഴക്കത്തിലേയ്ക്കു വഴുതിപ്പോയി. സിനിമാമാദ്ധ്യമത്തിന്റെ വിപുലമായ ശക്തിയെക്കുറിച്ചു ബോധവാന്മാരാകാൻ ശ്രമിക്കുന്നതിനുപകരം സിനിമാപത്രപ്രവർത്തകർ താരങ്ങളുടെ ഗ്ലാമറിനു പിന്നാലെ നിഴലായി നടന്നു. അവരുടെ കിടപ്പറകളിലേയ്ക്ക് എത്തിനോക്കാനും അവരുടെ സ്വകാര്യജീവിതത്തിലേയ്ക്കു ചുഴിഞ്ഞിറങ്ങാനും നിർബ്ബന്ധിതരായി. അവരുടെ മുന്നിൽ അതേ വഴിയുണ്ടായിരുന്നുള്ളു. വായനക്കാർക്കാവശ്യം അതായിരുന്നു. അതു മാത്രം. സിനിമാരംഗത്തുള്ളവരേയും വായനക്കാരെത്തന്നെയും അവഗണിച്ചുകൊണ്ടു മാന്യമായ രീതിയിൽ സിനിമാപത്രപ്രവർത്തനശൈലി സ്വീകരിക്കാൻ ഫിലിംജേർണലിസ്റ്റുകൾക്ക് ആവുമായിരുന്നില്ല.

ഫിലിം ജേർണലിസ്റ്റുകൾക്ക് മാത്രമല്ല, ഫിലിംജേർണലോ, ഫിലിംജേർണലിസ്റ്റുകളോ അല്ലാത്ത പത്രങ്ങളും പത്രപ്രവർത്തകരും സിനിമയെക്കുറിച്ചും സിനിമാക്കാരെക്കുറിച്ചും ഇന്നു മറ്റെന്താണുചെയ്യുന്നത്? ഒരു നടി S. S. L.C. പരീക്ഷയെഴുതുന്നതു ഫ്രണ്ട് പേജിൽ വാർത്തയാക്കിയതു് ഇവിടത്തെ പ്രമുഖ ദിനപ്പത്രമാണ്. മറ്റൊരു നടി ഇസ്ലാംമതം സ്വീകരിച്ച് വീണ്ടും വിവാഹിതയായെന്നു മറ്റൊരു പ്രമുഖ ദിനപ്പത്രം മൂന്നോളം ഫോട്ടോകൾ സഹിതമാണ് ആദ്യപേജിൽ അടിച്ചിറക്കിയതു്. കൊല്ലത്ത് ഒരു ഹോട്ടലിൽവെച്ചു നാലു സിനിമാനടികളെ വ്യഭിചാരക്കുറ്റത്തിന് അറസ്റ്റ്ചെയ്തെന്നു് ഒരു പ്രമുഖ ദിനപ്പത്രത്തിൽ വാർത്ത വന്നു. ഞങ്ങൾ സിനിമാപ്പത്രക്കാർ അവിടെപ്പോയി അന്വേഷിച്ചു. ഏതോ

...ടെ അനുസ്മരിക്കട്ടെ! സിനിമാപത്രപ്രവർത്തകർക്കിടയിൽ മാത്രമല്ല എല്ലാ പത്രക്കാരിലുമുണ്ട് ഇത്തരം നാറികൾ.

ലോക ചലച്ചിത്ര പത്രപ്രവർത്തനരംഗത്തു മാന്യമായ സ്ഥാനം അലങ്കരിക്കുന്ന ബ്രിട്ടീഷ്പത്രപ്രവർത്തകയായ മേരിസ്വാറൺ അന്തസ്സുള്ള, ബഹുമാന്യയായ, ഫിലിംജേർണലിസ്റ്റല്ലെന്നു പറയാൻ ആർക്കെങ്കിലും കഴിയുമോ? ഇന്ത്യൻ ഫിലിം ജേർണലിസത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഖ്വാജാഅഹമ്മദ് അബ്ബാസ് മോശക്കാരനാണെന്നു പറയാൻ ആരെങ്കിലും മുന്നോട്ടു വരുമോ? നമ്മുടെ മലയാളചലച്ചിത്ര പത്രപ്രവർത്തനരംഗത്തുമില്ലേ അത്തരക്കാർ. അവർക്കെങ്കിലും ഇവിടത്തെ പത്രപ്രവർത്തകർക്കുള്ള ആനുകൂല്യങ്ങൾ നൽകാനും നിങ്ങളുടെ അംഗീകൃത സംഘടനയിൽ അംഗത്വം കൊടുക്കാനും തയ്യാറാവുമോ? നിങ്ങളോടൊപ്പം ഞങ്ങളുടെ കൂട്ടത്തിലുള്ള ചിലരെങ്കിലും ആ ആനുകൂല്യങ്ങളൊക്കെ ഒന്നനുഭവിക്കട്ടെ! കാരണം ഞങ്ങളുടെ നില അത്രയ്ക്കു ശോചനീയമാണ്. ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരു സുഹൃത്ത് ഈയിടെ കോടമ്പാക്കത്തു കിടന്നു മരിച്ചു, കല്ലട വാസുദേവൻ. ആ പത്രപ്രവർത്തകൻ രോഗിയായി കിടന്നപ്പോഴോ, മരണാനന്തരം ആ അനാഥകുടുംബത്തിനോ, എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചോ എന്നു ദയാപൂർവ്വം ഒന്നന്വേഷിക്കാനുള്ള മനുഷ്യത്വപരമായ വർഗ്ഗബോധം നിങ്ങൾക്കുണ്ടായിരുന്നോ? ഓ....അതിനു നിങ്ങളുടെ വർഗ്ഗത്തിൽ നിങ്ങൾ ഞങ്ങളെ ഉൾപ്പെടുത്തുന്നില്ലല്ലോ?

നമ്മുടെ ചലച്ചിത്ര പത്രപ്രവർത്തനരംഗത്തുള്ള ചിലരുടെ പെരുമാറ്റം അത്ര മാന്യമായ രീതിയിലല്ല എന്നതു ശരിതന്നെ. ഒരു രസികൻ ഒരിക്കൽ പറഞ്ഞു. 'മദ്രാസിൽ വണ്ടിയിറങ്ങുന്ന മലയാളി ഹോട്ടലുകളിൽ ഗ്ലാസ്സ കഴുകാനുള്ള ജോലി പോലും ലഭിച്ചില്ലെങ്കിൽ ഉടൻ സ്വയം കണ്ടെത്തുന്ന രണ്ടു തൊഴിലുകളാണ് സിനിമാപത്രപ്രവർത്തനവും സിനിമാസംവിധാനവും.' ഒരു പ്രസിദ്ധീകരണത്തിന്റെയും ഔദ്യോഗിക അംഗീകാരമോ, കോളമിസ്റ്റോ അല്ലാത്ത എത്രയോ പേർ കക്ഷത്തിൽ ഡയറിയും വച്ച് സിനിമാപത്രപ്രവർത്തകരായി മദ്രാസിൽ അലയുന്നുണ്ട് എന്നതും നേരാണ്. ഇത്തര

...ണം. അവർ താമസിക്കുന്ന ഉന്നത ഹോട്ടലുകളിൽത്തന്നെ തങ്ങേണ്ടതായും വരും. തിരക്കിനിടയിൽ സമയവും സന്ദർഭവും നോക്കി മാറ്റുകൾ സംഘടിപ്പിക്കണമല്ലോ. ഇതിനൊക്കെ ചില വാകുന്നതു് കഴിച്ചാൽ കുടുംബ

...വശ്യമാണെന്നു സിനിമാക്കാരിൽ പലരും അംഗീകരിക്കുന്നില്ല.

സിനിമാക്കാർ തന്നെ വിളിച്ചു വരുത്തിത്തരുന്ന ഗോസിപ്പുകൾ. അവയൊക്കെ മറ്റൊരു പ്രതിയോഗിയുടെ കാലുവാരാനായിരിക്കും നൽകുന്നതു്. അതിൽ വാർത്താ

...തു്. ഇതിനുവേണ്ടി ഫിലിംജേണ്ണലിസ്റ്റുകൾ സംഘടിക്കുകയും ഒന്നിക്കുകയും വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ— നമ്മുടെ സമരം ഇവിടത്തെ അംഗീകൃത പത്രപ്രവർത്തകസംഘടനക്കുമുന്നിലാവട്ടെ!

—9—

സിനിമയുടെ മോചനം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

സിനിമയും അതിന്റെ ദുർബ്ബലനായ അനുയായായി ടെലിവിഷനും കാണുമ്പോഴൊക്കെ എന്റെ ഓർമ്മയിലുണ്ടാകാറുള്ളതു് രവീന്ദ്രനാഥടാഗോർ 1929—ൽ സ്വസുഹൃത്തായ മുരാരി ബഹദൂരിയ്ക്ക് അയച്ച സ്വകാര്യകത്താണ്. (ഇടയ്ക്ക് ഒന്നു പറയട്ടെ; സിനിമയും ടെലിവിഷനും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ, സമാനമായ ഒരു ചിത്രമാണ് എനിക്ക് തോന്നാറുള്ളതു്. രാജസപ്രഭാവവും പ്രൗഢിയും പ്രദർശിപ്പിച്ചുനിൽക്കുന്ന സിംഹവും, അതിന്റെ പിന്നിൽ കുറച്ചകലെ, ഉഛിഷ്ടം നക്കിനടക്കുന്ന, കേമത്തം ചമയാനാശയുണ്ടെങ്കിലും സാധിക്കാത്ത കുറുക്കനുംചേർന്നുള്ള ചിത്രം!) മഹാകവി ആ എഴുത്തിൽ ഇങ്ങനെ രേഖപ്പെടുത്തി: 'സിനിമയിലെ മുഖ്യമായ കാര്യം പ്രതിബിംബങ്ങളുടെ അനർഗ്ഗളവും അനായാസവുമായ പ്രവാഹമാണ്. ദൃഷ്ടിഗോചരമായ അവയുടെ ചലനം, സമ്പന്നവും സാർത്ഥകവുമായിത്തീർന്ന്, വാക്കുകളുടെ ആവശ്യമില്ലാതെ ലക്ഷ്യം സാക്ഷാത്ക്കരിക്കണം. സാഹിത്യത്തിന്റെ അടിമയായി സിനിമ ഇത്രയുംനാൾ വർത്തിച്ചു. അതിനു കാരണമുണ്ട്. സർഗ്ഗാത്മകപ്രതിഭയുള്ള ഒരു ജീനിയസ് ഇതുവരെ എത്തിയില്ല, അതിനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുവാൻ.

ലക്ഷ്യം സാക്ഷാത്ക്കരിക്കാതെയും സന്ദേശം എത്തേണ്ടിടത്ത് എത്താതെയും വലയുന്ന സിനിമയാണ് മിക്കവാറും എവിടെയും കാണാനിടവരുന്നതു്. ആ സന്ദർഭങ്ങളോരോന്നും ഉയർത്തുന്ന ചോദ്യമൊന്നുമാത്രം — വിമോചകൻ എന്നു വരും?

സിനിമയെന്ന മാദ്ധ്യമത്തെക്കുറിച്ച് വ്യക്തമായ ബോധമില്ലാത്തവരും അപക്വമതികളുമാണ് ഇന്ന് അതിന്റെ വൈതാളികന്മാരായി വർത്തിക്കുന്നതു്. അവരുടെ ആത്മാർത്ഥതയെയും ആത്മാർപ്പണത്തെയും സംശയിക്കുന്നതേയില്ല. എന്നാൽ അവകൊണ്ടുമാത്രം കാര്യമായോ?

എല്ലാ മാദ്ധ്യമങ്ങളിലും പ്രവർത്തകരുടെയെണ്ണം പെരുകുകയാണ്. പക്ഷേ അതതു മാദ്ധ്യമത്തിന്റെ സ്വതസിദ്ധമായ സിദ്ധികൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനും കഴിവും കോപ്പുമുള്ളവർ കൂട്ടത്തിൽ കുറവുതന്നെ. ഇതാണ് മാദ്ധ്യമങ്ങൾക്ക് നേരിടേണ്ടിയിരിക്കുന്ന ദുരവസ്ഥ.

സിനിമയുടെ സ്ഥിതിയും ഇതിൽനിന്നു വിഭിന്നമല്ലെന്നാണ് മുമ്പ് സൂചിപ്പിച്ചതു്. സിനിമയുടെ അനന്തമായ സാദ്ധ്യതകളെക്കുറിച്ച് സംശയരഹിതമായ ബോധവും അതിനേറ്റു മാത്രമായ സിദ്ധിയും, ആവിഷ്ക്കാരശൈലിയിലൂടെ നേടുന്ന ചൈതന്യവും, സ്വാംശീകരിച്ച് സർഗ്ഗസൃഷ്ടിയനുഷ്ഠിക്കുന്നവർ എത്രയുണ്ട്? എണ്ണം വളരെയേറി; പക്ഷേ നിലവാരമെത്തിയവർ നന്നേ കുറവും. ആധുനികമാദ്ധ്യമങ്ങളുടെ ആചാര്യനായ മാക്‌ലൂഹാൻ പറഞ്ഞതു് ഓർമ്മിക്കുക— 'മാദ്ധ്യമം തന്നെയാണ് സന്ദേശവും' —ഇതു് സാക്ഷാത്ക്കരിക്കുന്നതിന്റെ കാരണമാണ്, മുകളിൽ കുറിച്ച വാക്കുകളിലൂടെ രേഖപ്പെടുത്തുവാൻ ശ്രമിച്ചതു്.

ഇന്നും സാഹിത്യത്തിന്റെ അടിമയാണ് സിനിമ. സിനിമയുടെ സൃഷ്ടിക്കായി സ്വീകരിക്കുന്ന വിഭവങ്ങളിലേറിയപങ്കും സാഹിത്യത്തിൽനിന്നുതന്നെ. കവിതയും കഥയും നോവലും നാടകവും എന്നുവേണ്ട ആധികാരിക ശാസ്ത്രകൃതികളും പ്രബന്ധങ്ങളും വരെ, പരിചയപ്പെടുത്തുകയെന്ന കർത്തവ്യമാണ് സിനിമയുടെ ബാദ്ധ്യതയായിത്തീർന്നിരിക്കുന്നതു്. തൊണ്ണൂറ്റിഒൻപതു് ശതമാനത്തിലധികമാളുകളും സാഹിത്യകൃതികളെ തൊടുന്നതു്, അവയുടെ രൂപാന്തരങ്ങൾ സിനിമയിലും, അവയുടെ ദുർബ്ബലാനുയായി ആയി ടെലിവിഷനിലും കാണുന്നതിലൂടെയാണ്. ഷേക്‌സ്പീയറുടെ ഹാംലറ്റും, ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും, കാളിദാസന്റെ ശാകുന്തളവും മറ്റും നേരിട്ടുവായിച്ചല്ല, സിനിമയുടെ അടിപ്പിലൂടെ ചോർത്തിക്കിട്ടിയ അംശം രുചിച്ചാണ് ബഹുഭൂരിപക്ഷം ജനങ്ങളും അവയുമായി സമ്പർക്കത്തിലെത്തുന്നതു്! ഇതുപോലെ എത്രവേണമെങ്കിലും ഉദാഹരണങ്ങളില്ലേ? വിശിഷ്ടകൃതിയുടെ—ക്ലാസിന്റെ— ആത്മാവുമായി തൊട്ടുരുമ്മിനിന്ന് നിർവൃതിയനുഭവിക്കുവാൻ ഇതു് സൗകര്യമുണ്ടാക്കുമോ?

ഈ സാഹചര്യത്തിൽ രണ്ടു വിപത്തുകളാണുള്ളതു്. ഉന്നതസാഹിത്യകൃതി നേർമ്മപ്പെടുത്തിയും, അതിന്റെ മാനങ്ങൾ ആവിഷ്ക്കരണം തീർത്തമായതുകൊണ്ട് ഊഹംവരുത്തിയുമാണ് സിനിമയിൽ വരുന്നതു്. അതുകൊണ്ട് അനുവാചകനു് സിദ്ധിക്കേണ്ട അനുഭൂതിയുടെ ആത്മാംശം നഷ്ടമാകുന്നു. ഇതാണ് ഒന്നാമത്തെ ആപത്തു്. മാദ്ധ്യമത്തെ—സിനിമയെ—സ്വതസിദ്ധമായ സിദ്ധികളിലേക്കു് ഉയർത്തേണ്ട കർത്തവ്യത്തിനു് ഗ്ലാനിസംഭവിക്കുന്നതാണു

(39—ാംപേജിൽ)

സിനിമയുടെ മോചനം

(31—ാം പേജിൽനിന്നു്)

രണ്ടാമത്തേതു്. സാഹിത്യത്തിന്റെ ദാസ്യവേലയിൽനിന്നു് മോചനം നേടാൻ സിനിമയ്ക്കു കഴിയാതെ വരുന്നു.

അതിവിശിഷ്ടമായ സാഹിത്യകൃതി സിനിമയാകുമ്പോൾ, മൂലകൃതിയുണർത്തുന്ന ഭാവ്യാനുഭൂതികളുണ്ടാക്കാറില്ലെന്നുള്ളതാണ് ഇതുവരെയുള്ള അനുഭവം. അതുപോലെതന്നെ വിശിഷ്ടമായ സിനിമയുളവാക്കുന്ന ചക്രവാളം, അതിന്റെ 'ഭാഷാരേഖ' (സ്ക്രിപ്റ്റ്) ഒരിക്കലും സൃഷ്ടിക്കുന്നില്ല. അതു് സർഗ്ഗസൃഷ്ടിയായി ആകും അനുഭവപ്പെടുന്നുമില്ല. ഉദാഹരണങ്ങൾ ധാരാളം പറയുവാനുണ്ടു്; സ്ഥലപരിമിതികൊണ്ടു് അതിനു് തുനിയുന്നില്ല.

സിനിമയെ സ്വന്തം കാലിൽ നില്ക്കുവാൻ കരുത്തുള്ളതാക്കിത്തീർക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കാതെ, ആത്മാവിനെ കണ്ടെത്തുവാൻ സാധിക്കുകയില്ല. ആത്മാവിൽ ശക്തിയാർജ്ജിക്കുമ്പോൾ മാദ്ധ്യമംതന്നെ സന്ദേശവുമായിത്തീരും. ഇന്നു ഭാരതത്തിൽ സിനിമാരംഗത്തു പ്രവർത്തിക്കുന്ന ധിഷണാശാലികൾ പലരും സിനിമയുടെ മോചനം സാദ്ധ്യമാക്കിത്തീർക്കുന്ന പ്രക്രിയയിലെ ഉൽപ്രേരകങ്ങളായിത്തീർന്നിരിക്കുന്നു. ഇതിൽ കേരളത്തിന്റെ സംഭാവന നിസ്സാരമല്ലെന്നുള്ളതാണ് അഭിമാനകരമായ സത്യം. വരാനിരിക്കുന്ന വസന്തത്തിന്റെ നാന്ദിയാണിതൊക്കെയെന്നു് നമുക്കു് ആശിക്കാം.

—0—